## Anugraha Bhashana

### അനുഗ്രഹഭാഷണം

പ്രവർത്തനത്തിന്റെയും ദൈവാനുഗ്രഹത്തിന്റെയും ആവശ്യകത ജീവിതത്തിൽ പുരോഗതി കൈവരിക്കാൻ മനുഷ്യന് സ്വന്തമായ ശ്രമവും ദൈവാനുഗ്രഹവും രണ്ടും ആവശ്യമാണ്. സ്വന്തം പങ്ക് ഉത്തരവാദിത്വത്തോടെ നിർവഹിക്കുകയും ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നവൻ ശരിയായ മാർഗത്തിൽ മുന്നേറും. ചിലർ സ്വന്തകർത്തവ്യം ചെയ്യാതെ ആഗ്രഹങ്ങൾ മാത്രം വളർത്തി ദൈവാനുഗ്രഹം പ്രാർത്ഥിക്കുന്നു. ഫലം അനനുകൂലമാകുമ്പോൾ അവർ ദൈവത്തെ കുറ്റപ്പെടുത്തുന്നു. ഇതൊക്കെ തെറ്റായ ധാരണകളിൽ നിന്നാണ് ഉദ്ഭവിക്കുന്നത്. ആദ്യം, സ്വന്തം കർത്തവ്യം നന്നായി മനസ്സിലാക്കണം. അതിനെ ഒരു പവിത്രമായ ദൗത്യമായി സ്വീകരിച്ച് യഥാർത്ഥ പരിശ്രമം നടത്തുകയും കർമ്മം നിർവഹിക്കുകയും വേണം. പ്രവർത്തനം ആരംഭിക്കുന്നതിനു മുമ്പും പൂർത്തിയാക്കിയതിനുശേഷവും ദൈവത്തെ പ്രാർത്ഥിക്കണം. ഇതാണ് ശരിയായ മാർഗം.




സ്വന്തം ബുദ്ധിയാൽ ഒരു പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമ്പോൾ ദൈവാനുഗ്രഹം ആവശ്യമില്ലെന്ന് ചിലർ കരുതാം. അത്തരമൊരു ചിന്ത ഒരിക്കലും പോറ്റരുത്. ഒരു രഥം രണ്ടു ചക്രങ്ങളാൽ മാത്രമേ മുന്നേറൂ എന്നതുപോലെ. വിജയം നേടാൻ ദൈവാനുഗ്രഹവും സ്വന്തം ശ്രമവും രണ്ടും അനിവാര്യമാണ്. കാട്ടിൽ ഉറങ്ങുന്ന സിംഹത്തിനും ഇരപിടിക്കാൻ പരിശ്രമവും വേട്ടയാടാനുള്ള കഴിവും ആവശ്യമാണ്. ഉറങ്ങിക്കിടക്കുന്ന സിംഹത്തിന് ഇര ലഭിക്കുകയില്ല. ഈ സത്യം മനസ്സിലാക്കി കഠിനാധ്വാനംചെയ്തു ദൈവാനുഗ്രഹം പ്രാർത്ഥിക്കുന്നവർ ഏറ്റെടുത്ത എല്ലാ ശ്രമങ്ങളിലും വിജയിക്കും.

**उद्यमेनैव सिद्ध्यन्ति कार्याणि न मनोरथैः |**

**न हि सुप्तस्य सिंहस्य प्रविशन्ति मखे मृगाः ||**

"ഉദ്യമേനൈവസിദ്ധ്യന്തികാര്യാണിനമനോരഥൈഃ
നഹിസുപ്തസ്യസിംഹസ്യപ്രവിശന്തിമുഖേമൃഗാഃ"

(ജഗദ്ഗുരു ശ്രീ ശങ്കരാചാര്യ മഹാസന്നിധാനം ശ്രീ ശ്രീ ശ്രീഭാരതിതീർത്ഥ മഹാസ്വാമിജി)

--- Jagadguru Śankarācārya His Holiness Mahāsannidhānam Śrī Śrī Srī Bhāratī Tirtha Mahāswāmiji

